പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3956 — 21/06/2018 ൽ മറുപടിക്ക്

## ശബരിമല ഇടത്താവള നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയുടെ ഇടത്താവളങ്ങൾ നിർമ്മിക്കുന്ന പദ്ധതി സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (എ) | ശബരിമല തീർത്ഥാടനത്തിനായി കേരളത്തിനകത്തു നിന്നും പുറത്ത് നിന്നും വരുന്ന തീർത്ഥാടകർക്കായി കേരളത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെയുള്ള സ്ഥലങ്ങളിൽ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് വിശ്രമ സൗകര്യം, വാഹന പാർക്കിംഗ് സൗകര്യം, ഭക്ഷണം മുതലായ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തി ഇടത്താവളങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിനോടനുബന്ധിച്ച് ഇടത്താവളം നിർമ്മാണത്തിന് തയ്യാറായ പൊതു മേഖലസ്ഥാപനവുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ബി) | ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി ശ്രീ കാടാമ്പുഴ ദേവസ്വത്തിനുവേണ്ടി എക്സിക്യൂട്ടീവ് ഓഫീസർ ലീവ് ആന്റ് ലൈസൻസ് എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനം മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് ദേവസ്വം ബോർഡ് സർക്കാരുമായി ആശയ വിനിമയം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) & (ഡി) | ശബരിമല ഇടത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭ്യമാക്കുന്നതിനുവേണ്ടി ദേവസ്വം ബോർഡും പൊതുമേഖലാ സ്ഥാപനവും സർക്കാർ അനുമതിയോടെ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇടത്താവളം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ